(എ) സംസ്ഥാനത്തെ വിവിധ വ്യവസായശാലകൾ പാഴ്ജലശുദ്ധീകരണത്തിൽ ശ്രദ്ധിക്കാതെ മലിനജലം നദികളിലേക്ക് ഒഴുക്കിവിടുന്നതിനാൽ ജലമലിനീകരണവും മത്സ്യസമ്പത്തിന് നഷ്ടവും സംഭവിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഈ പ്രശ്നത്തെപ്പറ്റി പഠിക്കുന്നതിന് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ഇ) റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ):

(എ) ഉണ്ട്.

(ബി) 1998 ജൂൺ-ജൂലായ് മാസങ്ങളിൽ എഫ്.എ.സി.റ്റി. (അമ്പലമുകൾ) കൊച്ചിൻ ഡിവിഷൻ, എഫ്.എ.സി.ടി. ഉദ്യോഗമണ്ഡൽ എന്നീ ഫാക്ടറികളിൽനിന്നും ഒഴുക്കിവിട്ട മലിനജലംമൂലം പെരിയാർ, ചിത്രപ്പുഴ നദികളിൽ ജലമലിനീകരണവും മത്സ്യനാശവുമുണ്ടായി. മേൽപ്പറഞ്ഞ രണ്ടു വ്യവസായശാലകൾക്കുമെതിരെ ജലനിയമപ്രകാരം സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡ് പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസുകളിൽ വിധി ആയിട്ടില്ല. ഇത്തരം സംഭവങ്ങൾ മേലിൽ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) സ്വീകരിക്കാം.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (3445) ജനകീയാസൂത്രണത്തിന്റെ ഭാഗമായി മത്സ്യക്കൃഷി

ശ്രീ. പി.ജെ. ഫ്രാൻസിസ് :

ശ്രീമതി. റോസമ്മ ചാക്കോ :

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണത്തിന്റെ ഭാഗമായി മത്സ്യക്കൃഷി നടത്തിയവർക്ക് ഡിപ്പാർട്ട്മെന്റിൽനിന്നും എന്തെല്ലാം സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ നൽകിയിട്ടുണ്ട്;

(ബി) ജനകീയാസൂത്രണത്തിന്റെ ഭാഗമായി നടത്തിയ മത്സ്യക്കൃഷിയിൽനിന്നും എത്രമാത്രം മത്സ്യം ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞുവെന്നും ഈ പദ്ധതി ഏറ്റെടുത്തവർക്ക് എന്തുലാഭം ഉണ്ടാക്കുവാൻ കഴിയുമെന്നും വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഫിഷറീസ് വകുപ്പിൽനിന്നും ഹെക്ടറൊന്നിന് 4,000 രൂപ നിരക്കിൽ സബ്സിഡിയും സൗജന്യകർഷക പരിശീലനവും, കൃഷികാലയളവിലുടനീളം സൗജന്യ സാങ്കേതിക സഹായങ്ങളും നൽകിയിട്ടുണ്ട്. സബ്സിഡി തുകയുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് കൃഷിക്കാവശ്യമായ മത്സ്യവിത്ത് സൗജന്യമായി കർഷകർക്ക് എത്തിച്ചുകൊടുത്തിട്ടുണ്ട്. വിത്തിന്റെ വിലകഴിച്ചുള്ള തുകയ്ക്ക് വളം, തീറ്റ, മരുന്നുകൾ എന്നിവയും കർഷകർക്ക് നൽകിയിട്ടുണ്ട്.

(ബി) വിശദവിവരം ചുവടെ ചേർക്കുന്നു.

ഉല്പാദിപ്പിച്ച മത്സ്യം

വർഷം	മത്സ്യം (ടൺ)	ആറ്റുകൊഞ്ച് (ടൺ)	ചെമ്മീൻ (ടൺ)	മൊത്തം (ടൺ)
1997-1998	6110	300	1300	7710
1998-1999	13,750	1000	1125	15875

കർഷകർക്കു ലഭിച്ച സാമ്പത്തിക നേട്ടം

വർഷം	മത്സ്യത്തിന്റെ വില (കോടി)	ആറ്റുകൊഞ്ചിന്റെ വില (കോടി)	ചെമ്മീനിന്റെ വില (കോടി)	മൊത്തം കോടി രൂപ
1997-98	18.33	2.10	26.43	46.86
1998-99	48.12	20.00	22.50	90.62

2 (3447) ബാലകൃഷ്ണൻ നായർ കമ്മിറ്റി

ശ്രീ. എം. മുരളി :

ശ്രീ. പി.ജെ. ജോയി :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമുദ്ര മത്സ്യബന്ധനത്തെപ്പറ്റി ബാലകൃഷ്ണൻനായർ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളിൽ എന്തെല്ലാം നടപ്പാക്കി;

(ബി) അടക്കക്കൊല്ലി വലയും കുറ്റിവലയും ചീനവലയും നിരോധിക്കണമെന്ന് ബാലകൃഷ്ണൻനായർ കമ്മിഷൻ ശുപാർശ ചെയ്തിരുന്നുവോ;

(സി) എങ്കിൽ ഈ ശുപാർശ നടപ്പാക്കിയോ; ഇല്ലെങ്കിൽ കാരണമെന്ത്?

ഉത്തരം

(എ) താഴെ പറയുന്ന ശുപാർശകൾ നടപ്പാക്കി.

1. മത്സ്യബന്ധന മേഖലയിൽ വിവിധയിനം മത്സ്യബന്ധനയാനങ്ങൾക്കുള്ള ദൂരപരിധി നിർണ്ണയം കർശനമായി നടപ്പിലാക്കുക.

LIBRARY ARCHIVES, Kerala Legislative Assembly